മർശിച്ചതെന്നും പറഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ശ്രീ. ഇ.എം. അഗസ്തിക്ക് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

മൂവാറ്റുപുഴയിൽവച്ച് നടന്ന സംസ്ഥാന നാടക അവാർഡ്ദാന ചടങ്ങിനെ സംബന്ധിച്ച് 1999 ഫെബ്രുവരി 1-ാം തീയതിയിലെ 840-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനു ഫിഷറീസും ഗ്രാമവികസനവും വകുപ്പു മന്ത്രി നൽകിയ മറുപടി വാസ്തവവിരുദ്ധമാണെന്നാരോപിച്ചുകൊണ്ട് മന്ത്രിയ്ക്കെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിനു ശ്രീ. ജോണി നെല്ലൂർ ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണമാരാഞ്ഞു. വിശദീകരണത്തിൽ, 1.2.99-ലെ 840-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ ഉണ്ടായ പിശക് ബോദ്ധ്യപ്പെട്ട ഉടൻ തന്നെ തിരുത്തൽ വരുത്തി സഭയെ അറിയിച്ചുവെന്നും, അതിനാൽ അവകാശലംഘനപ്രശ്നത്തിൽനിന്ന് ഒഴിവാക്കണമെന്നും പറഞ്ഞിരിക്കുന്നു. പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. ജോണി നെല്ലൂരിന് അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

(2) പരിഗണനയിലിരിക്കുന്നവ

1999 ജൂൺ 30, ജൂലായ് 1 എന്നീ തീയതികളിലെ മലയാളമനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച നിയമസഭാ നടപടികളുടെ വിവരണം വാസ്തവവിരുദ്ധവും അപകീർത്തിപരവുമാണെന്നാരോപിച്ച് പ്രസ്തുത ദിനപത്രത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മയും, 1999 ജൂൺ 28-ാം തീയതി നിയമസഭയിൽ എക്സൈസിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കു മറുപടി പറയവേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫോറിൻ ലിക്വർ റൂൾസ് സംബന്ധിച്ച് നടത്തിയ പ്രസ്താവന വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതുമാണെന്നാരോപിച്ച് അദ്ദേഹത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ഡോ. എം.എ. കുട്ടപ്പനും 1999 ജൂലായ് 16-ാം തീയതി ദേശാഭിമാനി ദിനപത്രത്തിൽ 'കല്ലടമല്ലൻ മണൽമന്നനായാൽ' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച നിയമസഭാവലോകനം നിയമസഭാ സാമാജികരുടെ അവകാശാധികാരങ്ങളെ ഹനിക്കുന്നവയാണെന്നാരോപിച്ച് പ്രസ്തുത പത്രത്തിന്റെ ലേഖകൻ, പ്രസാധകൻ, ചീഫ് എഡിറ്റർ എന്നിവർക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. ജോണി നെല്ലൂരും, 1999 ജൂൺ 24-ാംതീയതി മലയാള മനോരമ ദിനപത്രത്തിൽ, "ഹിന്ദുദൈവങ്ങളെപ്പറ്റി പരാമർശം, ശ്രീ. ജി. സുധാകരൻ ഖേദം പ്രകടിപ്പിച്ചു" എന്ന തലക്കെട്ടിൽ വന്ന വാർത്തയിൽ, സഭാദ്ധ്യക്ഷൻ നിയമസഭാരേഖകളിൽനിന്ന് നീക്കം ചെയ്ത ഭാഗം പ്രസിദ്ധപ്പെടുത്തിയെന്നാരോപിച്ച് പ്രസ്തുത ദിനപത്രത്തിന്റെ പ്രിന്റർ ആന്റ് പബ്ലിഷർക്കെതിരെയും, 1999 ജൂലായ് 8-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിൽ 'നിയമസഭയും മറക്കേണ്ട കാര്യങ്ങൾ മറക്കണം.' എന്ന തലക്കെട്ടിൽ വന്ന മുഖപ്രസംഗത്തിലെ പരാമർശങ്ങൾ സഭാനേതാവിനേയും, അംഗങ്ങളേയും സഭയേയും അവഹേളിക്കുന്ന തരത്തിലുള്ളതാണെന്നാരോപിച്ച് പ്രസ്തുത പത്രത്തിന്റെ തിരുവനന്തപുരം എഡിഷൻ പ്രിന്റർ ആന്റ് പബ്ലിഷർ, മാനേജിംഗ് എഡിറ്റർ, അസോസിയേറ്റ് എഡിറ്റർ എന്നിവർക്കെതിരെയും അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. പി. രാഘവനും 1999 ജൂലായ് 14-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 2584-ാം നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ നൽകിയ മറുപടി വാസ്തവ വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ ശ്രീ. കെ. എ. ചന്ദ്രനും ഓരോ നോട്ടീസുകൾ നൽകിയിട്ടുണ്ട്. നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

സഭ ഇന്ന് അവസാനിക്കുകയാണ്. ഈ നൂറ്റാണ്ടിലെ അവസാനത്തേതല്ല, നമുക്ക് ഇതിനിടയ്ക്ക് വീണ്ടും കൂടാൻ അവസരം ഉണ്ടാകും എന്നാണ് ചെയറിന്റെ പ്രതീക്ഷ. അവസരം ഇല്ലെങ്കിൽ നമുക്ക് ഉണ്ടാക്കണം എന്ന നിലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പറഞ്ഞു. നമുക്ക് ഇന്ന് അവസാനിപ്പിക്കാം. നിയമസഭ ഈ നൂറ്റാണ്ടിൽ ഇനിയും ഒരു ദിവസമെങ്കിലും നമുക്ക് ചേരേണ്ടതുണ്ട്. ജൂൺ മാസം 21-ാം തീയതി ആരംഭിച്ച 11-ാം സമ്മേളനമാണ് ഇന്ന് അവസാനിക്കുന്നത്. ഇത് ഒരു സമ്പൂർണ്ണ ബഡ്ജറ്റ് സമ്മേളനം തന്നെയായിരുന്നു. 24 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്, 168 മണിക്കൂറും 30 മിനിട്ടും ഈ സമ്മേളനകാലത്ത് നാം ചെലവഴിച്ചു. 48 കാളിംഗ് അറ്റൻഷനും, 4,124 ചോദ്യങ്ങളും 7 അടിയന്തിര പ്രമേയങ്ങളും ഈ സഭയിൽ വരികയുണ്ടായി. ധനകാര്യ ബിൽ ഉൾപ്പെടെ, ഒഴിപ്പിക്കൽ നടപടി ബിൽ ഉൾപ്പെടെ 5 ബില്ലുകൾ ഈ സമ്മേളനകാലത്ത് ഈ സഭ പാസ്സാക്കിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട സ്പോർട്സ് ബിൽ സെലക്ട് കമ്മിറ്റിക്ക് വിട്ടു. അങ്ങനെ വളരെ സുപ്രധാനമായിട്ടുള്ള ഒരു സമ്മേളനമാണ് ഇപ്പോൾ നടന്നത്. ഇതിൽ ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യം ഈ സഭയിൽ നാം വരുത്തിയ ചില പരിഷ്കാരങ്ങളാണ്. ആ പരിഷ്കാരങ്ങളെക്കുറിച്ച് വാസ്തവത്തിൽ നാം വിശദമായി ചർച്ചചെയ്യേണ്ടതാണ്. പക്ഷേ സമയവും സന്ദർഭവും അനുവദിക്കുന്നില്ല. സഭാംഗങ്ങളുടെ പ്രത്യേക അവകാശങ്ങളെക്കുറിച്ച് നാം എപ്പോഴും പറയാറുണ്ട്. പക്ഷേ സഭാംഗങ്ങളിൽനിന്നും സമൂഹം പ്രതീക്ഷിക്കുന്ന ഒരു കാര്യമുണ്ട്. നമ്മുടെ ഉയർന്ന പെരുമാറ്റവും ഉന്നതമായ ധാർമ്മികമൂല്യങ്ങളും അതാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. അത് സംരക്ഷിക്കേണ്ട ബാദ്ധ്യതയും സഭയ്ക്കുണ്ട് എന്ന കാര്യം ചെയർ ചൂണ്ടിക്കാണിക്കുന്നു. അതുമാത്രമല്ല അതിനുവേണ്ടി ഒരു എത്തിക്സ് കമ്മിറ്റി രൂപീകരിക്കാൻ നമുക്ക് കഴിഞ്ഞു. ഇന്ന് രാജ്യസഭയിലും മറ്റും വളരെ അപൂർവ്വമായിട്ടേ ഇതുള്ളൂ. വിദേശരാജ്യങ്ങളിലൊക്കെ, ബ്രിട്ടണിലും, യു.എസ്.എ.യിലും ആസ്ട്രേലിയയിലുമൊക്കെ അത്തരത്തിലുള്ള സംവിധാനങ്ങൾ ഫലപ്രദമായിട്ട് പ്രവർത്തിക്കുന്നു. അതിന്റെ ചുവടുപിടിച്ചുകൊണ്ട് നമ്മുടെ Ethical moral and other conduct, എല്ലാം വച്ചുകൊണ്ട് ഒരു സമിതി നാം രൂപീകരിച്ചുകഴിഞ്ഞു. ഇന്നലെ അത് നിലവിൽ വന്നിരിക്കുകയാണ്. അത് ഏറ്റവും പ്രധാനപ്പെട്ട ഒരു പരിഷ്കാരമായിട്ട് ഇവിടെ ചൂണ്ടിക്കാണിക്കാനുണ്ട്. അതുപോലെതന്നെ മറ്റൊരു കാര്യമുണ്ട്. സമൂഹത്തിൽ അവശത അനുഭവിക്കുന്ന വികലാംഗർ, മന്ദബുദ്ധികൾ തുടങ്ങിയവരുടെ കാര്യങ്ങൾക്കുവേണ്ടി ഒരു നിയമസഭ സമിതി നാം ഇന്നലെ രൂപീകരിച്ചുകഴിഞ്ഞിട്ടിണ്ട്. അതുപോലുള്ള നിരവധി പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. അതിൽ മറ്റൊരു പരിഷ്കാരമാണ് സബ്ജക്ട് കമ്മിറ്റികൾ ബഡ്ജറ്റ് സ്ക്രൂട്ടിണി നടത്തുന്ന വേളയിൽ അതിന് സഭയിൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾത്തന്നെ ആ റിപ്പോർട്ടിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് ഓരോ ദിവസത്തേയും ഡിമാന്റിനു മുമ്പേ ഈ സഭയെ അറിയിക്കുക എന്ന ഒരു പരിഷ്കാരം. ഇതൊക്കെ സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് നിയമ വകുപ്പ് മന്ത്രി ശ്രീ. ചന്ദ്രശേഖരൻ നായർ ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ ശുപാർശകളിൽപ്പെടുന്നതാണ്. ഇനിയും ശുപാർശകളുണ്ട്. എല്ലാം നമുക്ക് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല എങ്കിലും വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് ആ

LIBRARY ARCHIVES Kerala Legislative Assembly

അഡ്ഹോക്ക് കമ്മിറ്റി നൽകിയിട്ടുള്ളത്. ആ കമ്മിറ്റി ചെയർമാനേയും, അംഗങ്ങളേയും ചെയർ അഭിനന്ദിക്കുന്നു. ഞാൻ വളരെ ദീർഘിപ്പിക്കുന്നില്ല. 24 ദിവസം നീണ്ടുനിന്ന ഈ സമ്മേളനം വിജയകരമാക്കാൻ സഹകരിച്ച, സഭാ നേതാവ് മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ, മന്ത്രിമാർ, പത്ര പ്രതിനിധികൾ തുടങ്ങി എല്ലാവർക്കും പ്രത്യേക നന്ദി ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഗവൺമെന്റിന് സഭയിൽവയ്ക്കാൻ തൽക്കാലം ബിസിനസുകൾ ഒന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ : നമ്മുടെ രാജ്യാതിർത്തിയിൽ സംഘർഷം മുറ്റിനിന്ന ഒരവസരത്തിലാണ് ഈ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്നത്. നമ്മുടെ അതിർത്തിയെ സംരക്ഷിക്കുന്നതിനും, മാതൃരാജ്യത്തിന്റെ മാനം കാക്കുന്നതിനും ജീവത്യാഗംചെയ്ത ധീരജവാൻമാർക്ക് ഒരിക്കൽകൂടി പ്രണാമങ്ങൾ അർപ്പിച്ചുകൊണ്ട് നമുക്ക് പിരിയാം.

(ഓർഡർ, ഓർഡർ) സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നു.

(സഭ വൈകുന്നേരം 5.10 ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly